## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. 18/03/2021 തീയതിയിലെ ഈ ഓഫീസിലെ ഇതേ നം. കത്ത്.
2. ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭ്യമായ അപേക്ഷകൾ.

**ഉത്തരവ് നം. ഇ.ഡി.4-16907/2021/ആ.വ.ഡ., തീയതി : 16/06/2021.**

മേൽ പരാമർശം (1) പ്രകാരം ആരോഗ്യവകുപ്പിൽ ക്ലാർക്ക് ടൈപ്പിസ്റ്റായി ജോലിയിൽ പ്രവേശിക്കുകയും ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് മാറുന്നതിന് ഓപ്ഷൻ നൽകുകയും ചെയ്തിട്ടുള്ളവരുടെ വിവരങ്ങൾ ശേഖരിച്ചിരുന്നു. പരാമർശം (2) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭ്യമായ വിവരങ്ങളിൽ നിന്നും ക്ലാർക്ക് ടൈപ്പിസ്റ്റായി ജോലിയിൽ പ്രവേശിക്കുകയും ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് മാറുന്നതിന് ഓപ്ഷൻ നൽകുകയും ചെയ്തിട്ടുള്ള നിരവധിപേർ 5 മുതൽ 20 വർഷം കഴിഞ്ഞിട്ടും ക്ലാർക്ക് ടൈപ്പിസ്റ്റായി തന്നെ നിലനിൽക്കുന്നുവെന്ന് കണ്ടെത്തിയിരിക്കുന്നു. ടി വ്യക്തികൾ ടൈപ്പിസ്റ്റായുള്ള നിയമനവും തുടർന്നുള്ള സ്ഥാനക്കയറ്റവും ലഭിക്കുന്നതിന് അർഹരാണ് . ആരോഗ്യവകുപ്പിൽ ടൈപ്പിസ്റ്റായി തസ്തികമാറ്റം നൽകുന്നതിന് 3 ഒഴിവുകളാണ് നിലവിലുള്ളത്. ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സീനിയറായിട്ടുള്ളവർക്ക് ക്ലാർക്ക് ടൈപ്പിസ്റ്റിൽ നിന്നും ടൈപ്പിസ്റ്റായി തസ്തികമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു. തസ്തികമാറ്റം നൽകി നിയമിക്കുന്ന ജീവനക്കാരുടെ പേര്, നിയമിക്കുന്ന ജില്ല എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | ജോലിയിൽ പ്രവേശിച്ച തീയതി | നിയമിച്ചിരിക്കുന്ന ജില്ല |
|---|---|---|---|
| 1. | ശ്രീമതി ലത എസ്. തമ്പി<br>സാമൂഹികാരോഗ്യ കേന്ദ്രം, വെൺപകൽ, തിരുവനന്തപുരം | 31/10/1994 | പത്തനംതിട്ട |
| 2. | ശ്രീമതി ബിന്ദു റ്റി. വി.<br>ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ | 28/07/2010 | കോട്ടയം |
| 3. | ശ്രീമതി ഷീന പി. വി.<br>ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കണ്ണൂർ | 16/08/2012 | കോട്ടയം |

മേൽ ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും, ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ മേൽ ജീവനക്കാർക്ക് ഉചിതമായ നിയമനം നൽകേണ്ടതുമാണ്. ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
ബീന വൈ. ബി.
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്:-
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-17/06